കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നിലമേൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

**e-mail:** doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി3/1544/19

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ കാര്യാലയം

കൊല്ലം ജില്ല

തീയതി – 04/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിലമേൽ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം-പി3/1544/19 തിയതി: 04/12/2019

## <u>കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 19.7.2018 മുതൽ 20.9.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.സൈമൺ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 23.9.2019 മുതൽ4.10.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.വി.മണിലാൽ | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീ.മനു.കെ.നായർ | അസി .ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ജയകുമാരി അമ്മ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ബിന്ദു നായർ | ഓഡിറ്റർ |

## <u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.എ.എം.റാഫി | 1.4.18 മുതൽ 31.3.19. വരെ |
| സെക്രട്ടറി | : | ശ്രീ.പ്രതാപചന്ദ്രൻപിള്ള | 1.4.18 മുതൽ 5.5.18വരെ |
| | | ശ്രീ.പ്രവീൺ.എസ്. | 6.5.18 മുതൽ 24.6.18 വരെ |
| | | ശ്രീ.സുന്ദരേശൻപിള്ള | 25.6.18 മുതൽ 26.9.18വരെ |
| | | ശ്രീ.പ്രവീൺ.എസ്. | 27.9.18 മുതൽ 7.10.18വരെ |
| | | ശ്രീ.ശരച്ചന്ദ്രൻ | 8.10.18 മുതൽ 31.12.18വരെ |
| | | ശ്രീ.പ്രവീൺ.എസ്.<br>ശ്രീ.രാധാകൃഷ്ണപിള്ള.ജെ | 1.1.2019 മുതൽ 13.1.19 വരെ<br>14.1.19 മുതൽ 31.3.19 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | : | | |
| **ഉദ്യോഗപ്പേര്** | | **പേര്** | **കാലയളവ്** |
| അസി.എഞ്ചിനീയർ | | ശ്രീ.വിജയകുമാരൻനായർ | 1.4.18 മുതൽ 15.7.18 വരെ |
| | | ശ്രീമതി.അമ്പിളി | 16.7.18 മുതൽ 5.3.19 വരെ |
| | | ശ്രീമതി.ബിനി | 6.3.19 മുതൽ 31.3.19 വരെ |
| അസി.സെക്രട്ടറി | | ശ്രീ.പ്രവീൺ.എസ്. | 1.4.18 മുതൽ 31.3.19 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ മോഹനൻനായർ | 1.4.18 മുതൽ 31.3.19 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | | ശ്രീ.റിയാസ്.എം | 1.4.18 മുതൽ 31.3.19 വരെ |
| കൃഷി ഓഫീസർ | | ശ്രീ.ലിജ്ജ ജോൺ | 1.4.18 മുതൽ31.3.19 വരെ |
| വെറ്ററിനറി സർജൻ | | ഡോ.സിമി | 1.4.18 മുതൽ 19.11.18 വരെ |
| | | ഡോ.അനുപമ | 20.11.18 മുതൽ 12.2.19 വരെ |
| | | ഡോ.മനോജ് | 13.2.19 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ഡോ.ഉഷ.കെ.കെ<br>ഡോ.രാജ്കഫൂർ | 1.4.18 മുതൽ 31.3.19 വരെ<br>1.4.18 മുതൽ 27.12.18 വരെ |
| മെഡിക്കൽ ഓഫീസർ,(സി.എച്ച്.സി) | | ഡോ.രാധാകൃഷ്ണപിള്ള | 28.12.18 മുതൽ 10.3.19 വരെ |
| | | ഡോ.ശശി | 11.3.19 മുതൽ 31.3.19 വരെ |
| വി.ഇ.ഒ | | ശ്രീമതി.അഞ്ജു.പി | 1.4.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.അഞ്ജന | 1.4.18 മുതൽ 31.3.19 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഷാലിമാർ ഓഡിറ്റോറിയത്തിന്റെ വർദ്ധിപ്പിച്ച ഏരിയ്ക്ക് ആനുപാതികമായി വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 13 | വാണിജ്യകെട്ടിടത്തിന്റെ വർദ്ധിപ്പിച്ച ഏരിയ്ക്ക് ആനുപാതികമായി വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 14 | GST ഈടാക്കിയിട്ടില്ല | 1-14 |
| 15 | ടെണ്ടർ ഫാറം വില ഈടാക്കിയിട്ടില്ല | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-16 |
| 17 | പാലിയേറ്റീവ് കെയർ -തുക നൽകി – മരുന്ന് ലഭ്യമായിട്ടില്ല. | 1-17 |
| 18 | വി.ഇ.ഒ യുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു. | 1-18 |
| 19 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-ബ്ലോക്കുവിഹിതം റീക്കുപ്പ ചെയ്തിട്ടില്ല. | 1-19 |
| 20 | ലൈഫ് ഭവനപദ്ധതി-അവലോകനം. | 1-20 |
| 21 | വാഴകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-4055/-രൂപ നിരാകരിക്കുന്നു. | 1-21 |
| 22 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 23 | നെൽകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-11073/-രൂപ നിരാകരിക്കുന്നു. | 1-23 |
| 24 | അംഗൻവാടികളിൽ ബേബിചെയറും ഫുഡ് കണ്ടെയ്നറും വാങ്ങി നൽകൽ-ക്വട്ടേഷൻ നിരക്കിലും അധികം നൽകി. | 1-24 |
| 25 | സർക്കാർഉത്തരവിന് വിരുദ്ധമായി പ്രായം കുറഞ്ഞ കിടാരികളെ ഉയർന്ന വിലയ്ക്ക് വാങ്ങി നൽകി. | 1-25 |
| 26 | കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ- ഒരേയിനം പ്രോജക്റ്റ് വിവിധ നിർവ്വഹണോദ്യോഗസ്ഥരെ ഏൽപ്പിക്കുന്നു. | 1-26 |
| 27 | മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു. | 1-27 |
| 28 | ധാതു ലവണ മിശ്രിത വിതരണം-ഗ്രാമസഭ ലിസ്റ്റ് ഹാജരാക്കിയില്ല -6510/-രൂപ തടസത്തിൽ വെയ്ക്കുന്നു. | 1-28 |

| | | |
|---|---|---|
| 29 | തൊഴിലുറപ്പുപദ്ധതി - അവലോകനം | 1-29 |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് **നിരീക്ഷണങ്ങൾ**<br>ഇല്ല | |
| | **ഭാഗം 3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 30 | വാഴകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-4055/-രൂപ നിരാകരിക്കുന്നു. | 3-1 |
| 31 | നെൽകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-11073/-രൂപ നിരാകരിക്കുന്നു. | 3-2 |
| 32 | അംഗൻവാടികളിൽ ബേബിചെയറും ഫുഡ് കണ്ടെയ്നറും വാങ്ങി നൽകൽ-ക്വട്ടേഷൻ നിരക്കിലും അധികം നൽകി. | 3-3 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്നഖണ്ഡികകൾ | 4-11 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| അനുബന്ധം-2 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

24.3.2018തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 13.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3808655 |
| വരവ് | 62239318 |
| ആകെ | 66047973 |
| ചെലവ് | 58548783 |
| നീക്കിയിരിപ്പ് | 7499190 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി. ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | - | 10988849 | 10988849 | 10731494 | 257355 |
| വികസന ഫണ്ട് - എസ്.സി.പി (ACR പ്രകാരം) | - | 4935000 | 4935000 | 4235746 | 699254 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | - | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 12797000 | 12797000 | 12788555 | 8445 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 2780000 | 2780000 | 1418058 | 1361942 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 6673493 | 6673493 | 4987000 | 1686493 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 1005 | 56 | 1061 | - | 1061 |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 25686321 | 25686321 | 25686321 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 48482 | 476761 | 525243 | 494030 | 31213 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി.എസ് | | 983851 | 899132 | 1882983 | 600000 | 1282983 |
| TSC | | 1979881 | 818905 | 2798786 | 130000 | 2668786 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | - | 720773 | 720773 | 672049 | 48724 |
| | ജില്ലാപഞ്ചായത്ത് | - | 957951 | 957951 | 719951 | 238000 |
| ബി ഫണ്ട് | | | 317160 | 317160 | 317160 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 394300 | 7818055 | 10896109 | 5371577 | 2163164 |
| | ട്രഷറി അക്കൗണ്ട് | -363196 | 7709855 | -7346659 | -6311451 | -1035208 |
| മറ്റിനം | | | | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 72966271 | 96 | 43246203 | 47 | 9 | 63% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 48482 | 476761 | 525243 | 494030 | 31213 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 256863321 | 25686321 | 25686321 | - |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 287160 | 162 |
| കർഷകതൊഴിലാളി പെൻഷൻ | 1822400 | 151 |
| വിധവാപെൻഷൻ | 10278000 | 892 |
| വാർദ്ധക്യകാലപെൻഷൻ | 15209800 | 1390 |
| വികലാംഗപെൻഷൻ | 2865800 | 243 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 39600 | 3 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.9.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 779/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും "സഞ്ചയ" സോഫ്റ്റ് വെയറിൽ ഫോം-6-ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല.

ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.2.19-13.2.19 | 2018-19 | 15.2.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-9.11.2018 | 2017-18 | 6.12.18 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് പ്രകാരം B-11 + B 11 (a) ൽ ആകെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ 5,53,50,716/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ B 3 Capital Contribution 4,50,52,804/- രൂപയാണ്. വ്യത്യാസമുള്ള 1,02,97,912/- രൂപയുടെ Maintenance Grant/Own fund ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. B-7 schedule പ്രകാരം വിവിധ നിക്ഷേപങ്ങളിൽ 18,48,510/- രൂപയാണുള്ളത്. 1985-86 മുതലുള്ള നിക്ഷേപങ്ങൾ ഉൾപ്പെടുന്നു. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടിയിട്ടില്ല.

3. I & E statement പ്രകാരം I -17(a) യിൽ കാണിച്ചിരിക്കുന്നത് 10,21,235/- രൂപയാണ്. ആയതിന്റെ depreciation നിരക്ക്, ആസ്തിയുടെ value ലഭ്യമാക്കിയിട്ടില്ല.

4. Electrical Goods ന്റെ സ്റ്റോക്ക് രജിസ്റ്റർ value based ആയി സൂക്ഷിക്കേണ്ടതാണ്.

5. പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതിയായ 31,750/- രൂപ RP schedule-ൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

6. AFS പ്രകാരം വസ്തുനികുതി DCB, സഞ്ചയ statement എന്നിവ പൊരുത്തപ്പെടുന്നില്ല.

7. Total sanitation ഇനത്തിൽ B-4 പ്രകാരം 26,68,786/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിനുള്ള പ്രത്യേക അക്കൗണ്ടിൽ 55,661/- രൂപയാണ് കാണിച്ചിരിക്കുന്നത്.

8. Suchithwa Mission വരവ് പ്രത്യേക അക്കൗണ്ടിൽ കാണിക്കുന്നില്ല.

9. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ബി-4 പ്രകാരം 2,75,324/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ Joint venture അക്കൗണ്ടിൽ 2,86,724/- രൂപയാണ് കാണിച്ചിരിക്കുന്നത്.

10. TPA അക്കൗണ്ട്, SBT Plan എന്നിവ നിലവിൽ ഇടപാടുകൾ ഇല്ലാത്തതിനാൽ അവസാനിപ്പിക്കുന്നത് പരിശോധിക്കേണ്ടതാണ്.

11. TPA Bank Account – ന്റെ Passbook / Bank statement പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുക – 6,162/- രൂപ.

12. Market ലേലം ഇനത്തിൽ AFS പ്രകാരം Advance ആയി കാണിച്ചിരിക്കുന്ന 3,96,700/-രൂപ (RP -36) രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
12. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം, നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

***ABSRACT OF DEFECTS/ DISCREPANCIES***

1. While the total Asset created vide B11 + B11 a schedule is Rs. 5,53,50,716/-, Capital contribution provided is Rs. 4,50,52,804/-. Details of the difference in amount of Rs.1,02,97,912/- used from maintenance Grant/Own fund is not furnished.

2. Total amount of various deposits of Rs. 18,48,510/- shown vide B-7 schedule includes deposits received from 1985 -86 onwards. Expired deposits are not forfeited.

3. Value of rate of depreciation of I-17 a of Rs. 10,21,235/- of I & E statement is not furnished.

4. Electrical stock register should be maintained value based.

5. Profession tax of Panchayath staff of Rs. 31,750/- is not included in Rp Account.

6. DCB statement sankhya, Sanchaya does not tally.

7. Total sanitation is B-4 schedule is Rs. 26,68,786/-. But according to bank account its closing balance is 55,661/-.

8. Separate account for Suchithwa Mission fund is not maintained.

9. Rs. 2,75,324/- is shown in the B-4 Schedule under contribution for Joint venture projects but the separate account has a closing balance of 2,86,724/-.

10. No transaction in account of TPA and SBT Plan. Hence this may closed.

11. Bank statement/passbook of TPA account with a closing balance of Rs. 6,162/- is not furnished.

12. The amount of Rs. 3,96,700/- shown as advance collection vide RP -36 terns of market receipts does not tally with the auction registers.

## 1-12 ഷാലിമാർ ഓഡിറ്റോറിയത്തിന്റെ വർദ്ധിപ്പിച്ച ഏര്യയ്ക്ക് ആനുപാതികമായി വസ്തു നികുതി ഈടാക്കിയിട്ടില്ല.

ശ്രീ. അജിമോൻ ബാഷ, മരോട്ടി പൊയ്ക്കയിൽവീട്, ബംഗ്ളാംകുന്ന്, നിലമേൽ എന്ന വ്യക്തിയുടെ ഉടമസ്ഥയിലുള്ള ഷാലിമാർ ഓഡിറ്റോറിയത്തിന് (8/258) നിലവിൽ താഴെ പറയുന്ന ഏര്യയ്ക്കാണ് വസ്തുനികുതി ഈടാക്കി വരുന്നത്.

താഴത്തെ നില - 822m2

ഒന്നാം നില – 910m2

രണ്ടാം നില – 236m2

ആകെ ഏരിയ - 1968m2

തറ നിർമ്മിതി – സാധാരണ തറ

എയർ കണ്ടീഷനിംഗ് – ഇല്ല

04.10.19-ൽ നടത്തിയ സ്ഥല പരിശോധനയിൽ മുൻപുള്ള ഏര്യയേക്കാളും ഓഡിറ്റോറിയം വിപുലപ്പെടുത്തിയതിയതായി കാണാൻകഴിഞ്ഞു. സെക്ഷൻ ക്ലാർക്കിന്റെ സാനിദ്ധ്യത്തിൽ എൽ.എസ്.ജി.ഡി ഓവർസിയർ ഓഡിറ്റോറിയം അളക്കുകയും താഴേ പറയുന്ന ഏര്യയിൽ ഓഡിറ്റോറിയം വലുതാക്കിയിട്ടുള്ളതും, കേന്ദ്രീകൃത എയർ കണ്ടീഷൻ ചെയ്യുകയും, ഗ്രനൈറ്റ്/മാർബിൾ /ടൈൽസ് ഉപയോഗിച്ച് തറ നിർമ്മിച്ചിട്ടുള്ളതുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

താഴത്തെ നില – 1044.47m2

ഒന്നാം നില – 1035.87m2

ബാൽകണി – 238.9m2

ഷെഡ് : 102.96m2

ജനറേറ്റർ റൂം : 131.864m2

അടച്ച പാർക്കിംഗ് ഏര്യ : 94.64m2

ആകെ ഏര്യ : 2648.7m2

തറ നിർമ്മിതി – ഗ്രനൈറ്റ്/മാർബിൾ /ടൈൽസ്

എയർ കണ്ടീഷനിംഗ് – കേന്ദ്രീകൃത എയർ കണ്ടീഷൻ

വർദ്ധിപ്പിച്ച ഏര്യ ക്രമീകരിച്ച് വാങ്ങുന്നതിനുള്ള നടപടികൾ നാളിതുവരെ സ്ഥാപന ഉടമ നടത്തിയിട്ടില്ലാത്തതും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 റൂൾ 57പ്രകാരം ആകെ തറ വിസ്തീർണ്ണം 1000ചതരശ്ര മീറ്ററിൽകവിയുന്ന കെടിടങ്ങളുടെ ലേഔട്ടിനും, പ്ലോട്ടിന്റെ ഉപയോഗത്തിനും വേണ്ടി ചീഫ് ൗൺ പ്ളാനറിൽ നിന്നും അനുമതി വാങ്ങണമെന്നുള്ളതിന് ചീഫ് ൗൺ പ്ളാനറിൽ നിന്നുള്ള അനുമതി ഇല്ലാതെ ആണ് ഓഡിറ്റോറിയം പ്രവർത്തിക്കുന്നത്. ആയതിനാൽ വർദ്ധിപ്പിച്ച 680.7m2 ഏര്യയ്ക്കുള്ള (2648.7-1968) വസ്തുനികുതി ചീഫ് ൗൺ പ്ളാനറിൽ നിന്നുള്ള അനുമതി പ്രകാരം കണക്കാക്കി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യകെട്ടിടത്തിന്റെ വർദ്ധിപ്പിച്ച ഏര്യയ്ക്ക് ആനുപാതികമായി വസ്തു നികുതി ഈടാക്കിയിട്ടില്ല.

ശ്രീ. അജിമോൻ ബാഷ, മരോട്ടി പൊയ്കയിൽവീട്, ബംഗ്ളാംകുന്ന്, നിലമേൽ എന്ന വ്യക്തിയുടെ ഉടമസ്ഥയിലുള്ള സർവ്വേനം. 389/30-2, 389/30-2, 389/30-2 വാണിജ്യകെട്ടിടത്തിന്റെ നിലവിലുള്ള താഴത്തെ നിലയ്ക്കും, ഒന്നാം നിലയ്ക്കുമുള്ള ഏര്യയ്ക്കാണ് വസ്തുനികുതി ഈടാക്കി വരുന്നത്. കെട്ടിട ഉടമയായ ശ്രീ. അജിമോൻ

ബാഷ സമർപ്പിച്ച രണ്ടാം നില ക്രമവൽകരിച്ച് നൽകാനുള്ള കംപ്ളീഷൻ പ്ളാനിൽ താഴെ പറയുന്ന ഏര്യയാണ് കാണിച്ചിട്ടുള്ളത്.

താഴത്തെ നില – 383m2

ഒന്നാം നില – 441.6m2

രണ്ടാം നില – 441.6m2

ആകെ ഏര്യ : 1266.2 m2.

വേണ്ടത്ര സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ ക്രമവൽകരണ അപേക്ഷയിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. 04.10.19-ൽ നടത്തിയ സ്ഥലപരിശോധനയിൽ വാണിജ്യകെട്ടിടം വിപുലപ്പെടുത്തിയതിയതായി കാണാൻ കഴിഞ്ഞു. സെക്ഷൻ ക്ലാർക്കിന്റെയും, എൽ.എസ്.ജി.ഡി ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ വാണിജ്യകെട്ടിടം അളക്കുകയും താഴേ പറയുന്ന ഏര്യയിൽ ഓഡിറ്റോറിയം വലുതാക്കിയിട്ടുള്ളതാണെന്നും കാണാൻ കഴിഞ്ഞു.

താഴത്തെ നില – 294.78m2

ഒന്നാം നില – 423.39m2

രണ്ടാം നില – 423.39m2

മൂന്നാം നില – 423.39m2

ആകെ ഏരിയ : 1564.95m2

തറ നിർമ്മിതി – ടൈൽസ്

14.02.17 - ൽ താഴത്തെ നില - 51m2, ഒന്നാംനില – 316m2 ക്രമവൽകരിച്ച് നൽകിയിട്ടുള്ളതാണ്. താഴത്തെ നിലയുടെ ഏരിയ 292m2-ഉം, ഒന്നാമത്തെനിലയുടെ ഏര്യ – 316m2 ഏര്യയുമാണ് ആകെ നിലവിൽ വസ്തു നികുതി ഒടുക്കി വരുന്നത് .

ആയതിനാൽ വർദ്ധനവ് വന്ന താഴ്ത്തെനിലയുടെ 292m2 - 294.78m2 = 2.78m2 ഏര്യയും, ഒന്നാമത്തെ നിലയുടെ 423.39m2 – 316m2 = 107.39m2 ഏര്യയും ക്രമവൽകരിച്ച് വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്. വേണ്ടത്ര സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ കെട്ടിടം അനധികൃത നിർമ്മാണമായി പരിഗണിച്ച അനധികൃത നമ്പർ നൽകി ആയതിന്റെ ഫീസ് വാങ്ങേണ്ടതും തുടർനടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 GST ഈടാക്കിയിട്ടില്ല

നിലമേൽ ഗ്രാമപഞ്ചായത്ത് ആട്ടിറച്ചി സ്റ്റാൾ കെട്ടി അംഗീകൃത കശാപ്പ് ശാലയിൽ വെട്ടുന്ന ആട്ടിറച്ചി വില്പന നടത്തുന്നതിനുള്ള അവകാശം 6.3.18 ൽ ശ്രീ. റഫീക്ക്, തസ്ലി മൻസിൽ, എന്ന വ്യക്തിക്ക് പഞ്ചായത്ത് തീരുമാനം 18(1)/13.3.18 പ്രകാരം നൽകിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

ലേലം തുക – 12500/-

EMD തുക – 3000/- (117030103636/6.3.18)

ബാക്കി - 9000/- (117030103637/6.3.18)

ലേലം തുക 12500/- രൂപയക്ക് GST തുകയായ 2250/- രൂപ (18%) ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് തുക ഒടുക്കുന്നതിനായി ലേലം ഏറ്റെടുത്ത വ്യക്തിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടിയാൻ തുക ഒടുക്കുന്ന മുറയക്ക് വിശദ വിവരം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. GST തുക യായ 2250/- രൂപ ഈടാക്കി മുതൽ കൂട്ടേണ്ടതാണ്.

## 1-15 ടെണ്ടർ ഫാറം വില ഈടാക്കിയിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 23,402/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ.എൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ബി.എസ്.എൻ.എൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും അവ ഒടുക്ക് വരുത്തിയിട്ടില്ല . ആയതിനാൽ ടി തുകയ്ക്ക് ഒൺലൈൻ ആർ ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

എൻക്വയറി – 4/27.9.19

## 1-17 പാലിയേറ്റീവ് കെയർ -തുക നൽകി -മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 33/18-19

അടങ്കൽ – 6,50,000/- (വികസനഫണ്ട്)

1,00,000/- (തനതുഫണ്ട്)

മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നിലമേൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം മരുന്നുവാങ്ങലിനായി ഇൻവോയിസ് നം. PRF1131/6.9.18 പ്രകാരമുള്ള 3,09,757/- രൂപ (ബിൽ നം.7/18-19/22.10.18) KMSCL – ന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആയതു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 8/30.9.19

## 1-18 വി.ഇ.ഒ യുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു.

നിലമേൽ പഞ്ചായത്തിലെ വി.ഇ.ഒ വേയുടെ പേരിൽ നിലവിൽ നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| അക്കൗണ്ട് നം. | ബാങ്ക് | തരം | ബാലൻസ് |
|---|---|---|---|
| 57038766264 | എസ്.ബി.ഐ നിലമേൽ | പ്ലാൻ | 3,450/- |
| എസ്.ബി 1/6871 | സർവീസ് സഹകരണ ബാങ്ക്,നിലമേൽ | ഇ.എം.എസ് ഹൗസിംഗ് സ്കീം | 25,348/- |
| 57038802487 | എസ്.ബി.ഐ നിലമേൽ | സമ്പൂർണ്ണ ശുചിത്വം | 62,033/- |

മേൽസൂചിപ്പിച്ച നിഷ്ക്രീയ അക്കൗണ്ടുകളിൽ ബാക്കിനിൽക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-ബ്ലോക്കുവിഹിതം

## റീക്കൂപ്പു ചെയ്തിട്ടില്ല.

അടങ്കൽ – 35,035/- (വികസനഫണ്ട്)

16,240/- (തനതുഫണ്ട്)

2,50,000/- (ബ്ലോക്കുവിഹിതം)
ആകെ – 3,01,275/-

ചെലവ് - 1,820/- (ബിൽ നം.7/18-19/29.10.18)

5,050/- (ബിൽ നം.10/18-19/17.11.18)

11,050/- (ചെക്ക് നം.1959267/29.11.18)

2,400/- (ബിൽ നം.29/18-19/21.3.19)

25,600/- (ബിൽ നം.30/18-19/21.3.19)

5,000/- (ചെക്ക് നം.1959299/22.3.19)

37,400/- (ചെക്ക് നം.1010721/22.3.2019)

ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് വകയിരുത്തി. ഈയിനത്തിൽ തനതുഫണ്ട് 53,450/- രൂപയും (11,050+500+37,400) വികസനഫണ്ട് 34,870/- രൂപയും ചെലവഴിച്ചു. വി ഇ ഒ നിർവ്വഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം ബ്ലോക്കുവിഹിതമായി 2,50,000/- രൂപ വകയിരുത്തിയെങ്കിലും ബ്ലോക്കുപഞ്ചായത്ത് ഇതിനായി പ്രോജക്ട് വയ്ക്കാത്തതിനാൽ ഫണ്ട് ലഭിച്ചില്ല. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 6.3.2019 ലെ 1(3) തീരുമാനപ്രകാരം 37,400/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ബ്ലോക്കു വിഹിതം ലഭിക്കുന്നമുറയ്ക്ക് റീക്കൂപ്പ് ചെയ്യുന്നതിനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ബ്ലോക്കുപഞ്ചായത്ത് പ്രസ്തുത തുക വകയിരുത്തുന്ന മുറയ്ക്ക് ടി തുക റീക്കൂപ്പ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതു റീക്കൂപ്പ് ചെയുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

എൻക്വയറി നം.9/30.9.2019

## 1-20 ലൈഫ് ഭവനപദ്ധതി-അവലോകനം.

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം എന്നതാണ് ലൈഫ് ഭവനപദ്ധതിയുടെ ലക്ഷ്യം. ലൈഫ് രണ്ടാംഘട്ടം 2018-19 വർഷത്തിൽ കരാർവച്ചിട്ടുള്ള 33 ഗുണഭോക്താക്കളിൽ 5 പേർ

മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത്. എന്നാൽ ഓഡിറ്റ് കാലയളവിൽ ശേഷിച്ച 28 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ലൈഫ് ഭവനപദ്ധതി-ജനറൽ(പ്രോജക്ട് നം.S0047/19)

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| വികസനഫണ്ട് | 18,88,600/- | 18,88,600/- | 0 |
| ലോൺ | 72,03,477/- | 67,70,000/- | 4,33,477/- |
| സംസ്ഥാനവിഹിതം | 31,00,000/- | 26,00,000/- | 5,00,000/-(റിക്വിസിഷൻ നൽകി) |
| ബ്ലോക്കു വിഹിതം | 6,45,773/- | 6,31,400/- | 14,373/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4,32,951/- | 4,10,000/- | 22,951/- |

ലൈഫ് ഭവനപദ്ധതി-SCP(പ്രോജക്ട് നം.169/19)

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| വികസനഫണ്ട് | 1,88,070/- | 1,88,070/- | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2,50,000/- | 12 000/- (18-19)<br>2,00,000/- (2019-20) | 38,000/- |

പദ്ധതി പ്രകാരം ഭവനനിർമ്മാണം ആരംഭിച്ച 33 ഗുണഭോക്താക്കളിൽ 10 ഗുണഭോക്താക്കൾക്ക് അവസാന ഗഡുവായ 5,00,000/- രൂപയ്ക്കുള്ള റിക്വസ്റ്റ് 20.9.2019 ൽ നൽകിയിട്ടുണ്ട്. തുക വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വാഴകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-4055/-രൂപ നിരാകരിക്കുന്നു.

പ്രോജെക്ട് നം : S0018/19

അടങ്കൽ തുക :

പ്ലാൻ ഫണ്ട് : 2,60,000/- രൂപ

ഗുണഭോക്തൃ വിഹിതം : 48,750/- രൂപ

<u>ചെലവ്</u> :- 2,60,000/- രൂപ

ബിൽനം : 2/26.10.18 : 2,60,000/-രൂപ

ഗുണഭോക്തൃ വിഹിതം : 48,750/-രൂപ

ചെക്ക്നം : 1959271/01.12.18

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ 130 പേർക്ക് വാഴ വിത്തും, ജൈവവളവും നൽകുന്ന പ്രോജെക്ടിൽ കൈകോയിൽ നിന്നും വാങ്ങിയ ജൈവ വളത്തിന് സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ, തീയതി: 14.2.18 പ്രകാരം നൽകേണ്ട സബ്സിഡിയെക്കാൾ അധികം സബ്സിഡി തുക നൽകി. അധികം നൽകിയ തുക സംബന്ധിച്ച വിവരം താഴെ പറയുന്നു.

| ബിൽനം/ തീയതി | ഐറ്റം | കിലോ ഗ്രാം | ആകെ തുക GST ഉൾപ്പടെ (രൂപ) | നൽകിയ സബ്സിഡി തുക (രൂപ) | നൽകേണ്ട സബ്സിഡി തുക (75%) (രൂപ) | അധികം ചെലവഴിച്ച സബ്സിഡി തുക (രൂപ) |
|---|---|---|---|---|---|---|
| Q-522/ 22.10.18 | ജൈവവളം | 7042 @ 28.57/- | 2,11,260/- (5%) | 1,62,500/- | 1,58,445/- | 4,055/- |
| | വാഴവിത്തു | 6500 (എണ്ണം) @ 15/- | 97,500/- (0%) | 97,500/- | 97,500/- | - |
| | അധികം നൽകിയ തുക | | | | | 4,055/- |

അധികം സബ്സിഡി നല്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷ്ണത്തിന് ഗുണഭോക്തൃ വിഹിതമായി വാങ്ങേണ്ട 52,815/- രൂപയ്ക്കു പകരം 48,750/- രൂപ മാത്രം വാങ്ങിയതിനാലാണ് പദ്ധതി പണം 4,055 /- രൂപ അധികം ചെലവഴിക്കേണ്ടിവന്നതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി ആകെ 48,750/- രൂപ മാത്രമാണ് വകയിരുത്തിയത്. മതിയായ ഗുണഭോക്തൃ വിഹിതം വകയിരുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥൻ വികസന ഫണ്ടിൽ നിന്നും അധികമായി 4,055/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ അധികം ചെലവഴിച്ച പദ്ധതിപ്പണം അംഗീകരിക്കാൻ കഴിയത്തില്ല. അധികമായി ചെലവഴിച്ച 4,055/- രൂപ

നിരാകരിക്കുന്നു. 4,055/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 1/25.09.19

നിരാകരിക്കുന്ന തുക: 4,055/- രൂപ

## 1-22 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

അടങ്കൽ – 19,50,000/-

ചെലവ് – 17,00,000/-

വി.ഇ.ഒ നിർവ്വഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം കരാറിലേർപ്പെട്ട 13 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പേര് | എഗ്രിമെന്റ് തീയതി | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| ദിവ്യ<br>ദിവ്യ ഭവൻ | 6.10.18 | 75,000/- | 5/18-19/<br>25.10.18 |
| പ്രഭ<br>ഉണ്ണിമായാ ഭവൻ | 28.1.19 | 75,000/- | 22/18-19/<br>11.3.19 |
| ഓമന<br>ചരുവിള പുത്തൻവീട് | 21.1.19 | 75,000/- | 21/18-19/30.1.19 |

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കി. വീടുകൾ വാസയോഗ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 നെൽകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-11073/- രൂപ നിരാകരിക്കുന്നു.

<u>പ്രോജെക്ട് നം: S0020/19</u>

<u>അടങ്കൽ തുക :</u>

പ്ലാൻ ഫണ്ട് : 2,92,000/- രൂപ

ഗുണഭോക്തൃ വിഹിതം : 1,21,915/- രൂപ

<u>ചെലവ് :-</u>

പ്ലാൻ ഫണ്ട് : 2,91,158/- രൂപ

ബിൽനം : 1/26.10.18 : 2,91,158/- രൂപ

ഗുണഭോക്തൃ വിഹിതം : 44,295/- രൂപ

ചെക്ക്നം : 1959272/01.12.18

കൂലിചെലവ് : 76,778/- രൂപ

നെൽവിത്ത് : 37,200/- രൂപ

ജൈവവളം : 177180/- രൂപ

ആകെ : 291158/- രൂപ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ നെൽകൃഷിയ്ക്ക് വിത്തും, ജൈവവളവും, പൂട്ടുകൂലിയും നൽകുന്ന പ്രൊജെക്ടിൽ കൈകോയിൽ നിന്നും വാങ്ങിയ ജൈവ വളത്തിന് സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ, തീയതി: 14.102.18 പ്രകാരം നൽകേണ്ട സബ്സിഡിയെക്കാൾ അധികം സബ്സിഡി തുക നൽകി.

ഒന്നാം വിളയായി 5 ഹെക്ടർ നെൽകൃഷിയും രണ്ടാം വിളയായി 6.8 നെൽകൃഷി ആണ് കൃഷി ചെയ്തിട്ടുള്ളത്. ജൈവവളത്തിന് അധികം സബ്സിഡി നൽകിയത് സംബന്ധിച്ച വിവരം താഴെ പറയുന്നു.

| ഇൻവോയിസ് നം,തീയതി | ഐറ്റം | കിലോഗ്രാം | ആകെ തുക GST 5% ഉൾപ്പടെ (രൂപ) | നൽകിയ സബ്സിഡി തുക(രൂപ) | നൽകേണ്ട സബ്സിഡി തുക (75%)(രൂപ) | അധികം ചെലവഴിച്ച സബ്സിഡി തുക(രൂപ) |
|---|---|---|---|---|---|---|
| Q-376/ 18.09.18 | ജൈവ വളം | 3124.1@ 28.58 | 93,750/- | 75,000/- | 70,313/- | 4,687/- |
| Q-521/ 22.10.18 | ജൈവവളം | 4257.5@ 28.57 | 1,27,725/- | 1,02,180/- | 95,794/- | 6,386/- |
| ആകെ | | | 2,21,475/- | 1,77,180/- | 1,66,107/- | 11,073/- |

അധികം സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്ലറിക്കൽ പിശക് സംഭവിച്ചതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ അധികമായി ചെലവഴിച്ച 11,073/- രൂപ നിരാകരിക്കുന്നു. 11,073/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 2/25.09.19

നിരാകരിക്കുന്ന തുക : 11,073/- രൂപ

## 1-24 അംഗൻവാടികളിൽ ബേബിചെയറും ഫുഡ് കണ്ടെയ്നറും വാങ്ങി നൽകൽ-ക്വട്ടേഷൻ നിരക്കിലും അധികം നൽകി.

പ്രോജക്ട് നം - 98/18-19

അടങ്കൽ – 1,00,000/-(മെയി.ഫണ്ട്-റോഡിതരം)

ചെലവ് – 91,900/-

ബിൽ നം . 16/18-19/11.3.2019

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ട പ്രകാരം അംഗൻവാടികളിൽ ബേബിചെയറും ഫുഡ് കണ്ടെയ്നറും വാങ്ങി നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ടു ചെയ്ത കടയ്ക്കൽ ഫാൻസി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പഞ്ചായത്തു കമ്മിറ്റിയുടെ 21.2.2019 ലെ 5(2) തീരുമാനപ്രകാരം അംഗീകരിച്ചു. ആയതു പ്രകാരം പ്ലാസ്റ്റിക്ക് ചെയർ-150 എണ്ണം@190/-, പാത്രങ്ങൾ(വലുത്)-21 എണ്ണം@1100/-, പാത്രങ്ങൾ(ചെറുത്)-42 എണ്ണം@900/- എന്നിവ വാങ്ങി. ഈയിനത്തിൽ 89,400/- രൂപ സ്ഥാപനത്തിനും 2,500/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലും ചെലവഴിച്ചു. എന്നാൽ ക്വട്ടേഷൻ പരസ്യത്തിൽ നികുതി, ട്രാൻസ്പോർട്ടിംഗ് ചെലവുകൾ ഉൾപ്പെടെയുള്ള ഐറ്റം റേറ്റാണ് രേഖപ്പെടുത്തിയിരുന്നത്. മേൽ സ്ഥാപനം 89,400/- രൂപയുടെ ക്വട്ടേഷനാണ് സമർപ്പിച്ചത്. ഇതുകൂടാതെ വാഹനവാടകയിനത്തിൽ 2,500/- രൂപ ശ്രീ. മഹേഷ്കുമാർ എന്ന വ്യക്തിക്ക് നല്കിയതിന്റെ കാരണം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് പ്രോജക്ടിൽ വകയിരുത്തിയ തുകയാണ് നൽകിയതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ 24.11.2019 ലെ ക്വട്ടേഷൻ പരസ്യത്തിൽ ടെണ്ടർ എടുക്കുന്നയാൾ സ്വന്തം ഉത്തരവാദിത്വത്തിൽ സാധനങ്ങൾ സൈറ്റിൽ എത്തിച്ചു നൽകേണ്ടതാണെന്നും നികുതിയും ട്രാൻസ്പോർട്ടിംഗ് ചെലവുകൾ ഉൾപ്പെടെയുള്ള

ഐറ്റം റേറ്റ് രേഖപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിലും അധികമായി നൽകിയ 2,500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. 11/1.10.19

## 1-25 സർക്കാർഉത്തരവിന് വിരുദ്ധമായി പ്രായം കുറഞ്ഞ കിടാരികളെ ഉയർന്ന വിലയ്ക്ക് വാങ്ങി നൽകി.

പ്രോജെക്റ്റ് നം : S0082/19

അടങ്കൽ തുക : 2,65,000/-

ചെലവ് : 2,65,000/- (വികസനഫണ്ട് ജനറൽ)
ഗുണഭോക്തൃ വിഹിതം – 2,65,000/-
(ഗുണഭോക്തൃ വിഹിതം നൽകിയത് –
ഡിഡി നം. 82010, 82011, 82012 തീയതി : 14.12.18 – 1,20,000/-
ട്രഷറി ചെക്ക് നം. 1010725 തീയതി : 28.3.19 – 1,45,000/-)

ബിൽനം : 1/10.10.18 – 1,20,000/-
10/16.3.19 – 75,000/-
11/23.3.19 – 70,000/-

സർക്കാർ ഉത്തരവിന് വിരുദ്ധമായി കിടാരികളെ വാങ്ങി വിതരണം ചെയ്തു.

മൃഗസംരക്ഷണ വകുപ്പിന്റെ കൊല്ലം ജില്ലയിലെ 2018-19 വർഷത്തെ കമ്പോള വില അടിസ്ഥാനത്തിലുള്ള യൂണിറ്റ് കോസ്റ്റിൽ 6 മുതൽ 8 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 10,000/- രൂപയാണ് വില നിശ്ച്ചയിച്ചിട്ടുള്ളത്. 2018-19 വർഷം 4 മുതൽ 6 മാസം വരെ പ്രായമുള്ള 53 കിടാരികളെയാണ് വാങ്ങി 5000/- രൂപ സബ്സിഡി അനുവദിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ നല്കിയിട്ടുള്ളത്.

പർച്ചേസ് കമ്മറ്റി തീരുമാന പ്രകാരം ശ്രീ.റഹിം, ജലാൽ മൻസിൽ, അമ്പിപൊയ്ക, കുണ്ടറ എന്ന വ്യക്തിയിൽ നിന്നാണ് 53 കിടാരികളെ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

ഇൻവോയിസ് പ്രകാരം 4 മുതൽ 6 മാസം പ്രായമുള്ള 24 കിടാരികളെയാണ് ശ്രീ.റഹിം ആദ്യം നല്കയിട്ടുള്ളത്. 4 മാസം പ്രായം വെച്ചാണ് ഓറിയന്റ് ഇൻഷ്വറൻസ് കമ്പനി കിടാരികളെ ഇൻഷ്വർ ചെയ്തിട്ടുള്ളത്.

പിന്നീട് വാങ്ങിയ 29 കിടാരികളുടെ ഇൻവോയ്സിൽ കരാറുകാരൻ കിടാരികളുടെ പ്രായം രേഖപെടുത്തിയിട്ടില്ലെങ്കിലും ഓറിയന്റ് ഇൻഷ്വറൻസ് കമ്പനിക്കു നൽകിയ

കത്തിൽ (letter no.146/18 dtd:14.03.19) 5 മുതൽ 6 മാസം വരെ പ്രായമുള്ള കിടാരികളെ ഇൻഷുർ ചെയ്തു നല്കാനാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടത്. (6-8 മാസം പ്രായം വെച്ചാണ് ഓറിയന്റ് ഇൻഷുറൻസ് കമ്പനി കിടാരികളെ ഇൻഷുർ ചെയ്തിട്ടുള്ളത്.)

കൂടാതെ കിടാരികളെ ലഭിച്ച എല്ലാ വ്യക്തികളും 4 മുതൽ 6 മാസം പ്രായമുള്ള കിടാരികളെയാണ് ലഭിച്ചതെന്ന് രസീതും നൽകിയിട്ടുണ്ട്. മേൽ അപാകതകൾ കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിതരണം ചെയ്ത രേഖകളിൽ 4-6 മാസം വരെയാണ് പ്രായം കാണിച്ചിട്ടുള്ളതെങ്കിലും അവയുടെ പ്രായം 6 മാസത്തിന് മുകളിലായിരുന്നുവെന്നും, രേഖകൾ തയ്യാറാക്കിയതിലെ പിഴവാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻമാർ നൽകിയ മറുപടി.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രായം കുറഞ്ഞ കിടാരികളെ വാങ്ങി നൽകുകയും, എന്നാൽ 6-8 മാസം പ്രായമുള്ള കിടാരികളുടെ നിരക്കായ 10,000/- രൂപയുടെ 50% സബ്സിഡി നൽകിയ നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേലിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-26 കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ- ഒരേയിനം പ്രോജക്റ്റ് വിവിധ നിർവ്വഹണോദ്യോഗസ്ഥരെ ഏൽപ്പിക്കുന്നു.

അസി. എഞ്ചിനീയറുടെ ഓഫീസ്, വി.ഇ.ഒ. ഓഫീസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ഓഫീസ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനുള്ള ഓരോ പ്രോജക്ടുകൾ യഥാക്രമം അസി.എഞ്ചിനീയർ, വി.ഇ.ഒ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി തൻവർഷം നടപ്പാക്കുകയുണ്ടായി. കമ്പ്യൂട്ടറിനും പ്രിന്ററിനും കൂടി 42,700/- രൂപ നിരക്കിൽ ആകെ 1,28,100/- ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേകം ക്വട്ടേഷനുകൾ ക്ഷണിച്ചാണ് ടി സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള സ്റ്റോർ പർച്ചേസ് മാർഗ്ഗരേഖപ്രകാരം ഓഫീസിലേയ്ക്കാവശ്യമായ ഉപകരണങ്ങളുടെ വാർഷികാവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങേണ്ടതാണ്. ഓഫീസുപകരണങ്ങളുടെ വാങ്ങൽ പ്രോജക്ടുകൾ മറ്റ് വിവിധ നിർവ്വഹണോദ്യോഗസ്ഥരെ ഏൽപ്പിക്കാതെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചെയ്യേണ്ടതും വാങ്ങുന്ന ഉപകരണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലുൾപ്പെടുത്തി കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് രേഖാമൂലം വിതരണം ചെയ്യേണ്ടതുമാണ്. കൂടാതെ കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയവയുടെ കാര്യത്തിൽ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ പൊതു സ്റ്റോക്ക് രജിസ്റ്ററിലും സാധനങ്ങൽ സ്വീകരിച്ച ഓഫീസിന്റെ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു.

2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 82 പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ ഉൾപ്പടെ വിവിധ പ്രവൃത്തികൾക്കായി ആകെ 1.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയലുകൾ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിയിൽ മാന്വൽ അനുശാസിക്കുന്ന മത്സരാധിഷ്ഠിതസ്വഭാവം ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വിവിധ തീയതികളിലായി ടെണ്ടറുകൾ ക്ഷണിച്ചതിൽ ടി പ്രവൃത്തികൾക്കോരോന്നിനും തികച്ചും അസ്വാഭാവികമായി ആകെ രണ്ട് ടെണ്ടറുകൾ വീതമാണ് ലഭിച്ചിട്ടുള്ളത്. ഇവയിൽ എസ്റ്റിമേറ്റ് നിരക്കോ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.1% / 0.01% /0.02% എന്നിങ്ങനെ നാമമാത്രമായ കുറവോ രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ ടെണ്ടറിലും പങ്കെടുത്ത് പുറത്താകുന്ന രണ്ടാമത്തെ കരാറുകാരന് തൊട്ടടുത്ത പ്രവൃത്തിയുടെ കരാർ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ ലഭിക്കുകയും ചെയ്യുന്നു. കരാറുകാർക്കിടയിൽ ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കി ഗുണമേൻമയും ന്യായവും ലാഭകരവുമായ നിരക്കും ഉറപ്പുവരുത്തി പ്രവൃത്തി എൽപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ വ്യാപകമായി പരസ്യം നൽകി മത്സരാധിഷ്ഠിതമായി നടത്തിയിട്ടുള്ള ടെണ്ടർ നടപടിയിലാണ് പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളത്. ടെണ്ടർ നടപടിയുടെ ഉദ്ദേശ്യശുദ്ധിയ്ക്ക് വിരുദ്ധമായി ഏതാനും കരാറുകാർ പ്രവൃത്തികൾ നേടിയെടുത്തതായി തൻവർഷത്തെ ടെണ്ടർ സേവിംഗ്സിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. വിവിധ പ്രവൃത്തികൾക്കായി തൻവർഷം ആകെ 1.81 കോടി രൂപ ചെലവഴിച്ചപ്പോൾ ടെണ്ടർ സേവിംഗ്സിനത്തിൽ ആകെ ലഭിച്ചത് 14,70,474/- രൂപ മാത്രമാണ്. അതിൽതന്നെ 13,27,714/- രൂപയും ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 13 പ്രവൃത്തികളിൽ നിന്നും ലഭിച്ചതാണ്. അതായത് മാന്വൽ ടെണ്ടർ നടപടിയിലൂടെ

നാമമാത്രമായ ടെണ്ടർ സേവിംഗ്സ് മാത്രമാണ് ലഭിച്ചത് എന്ന് വ്യക്തം. പ്രാദേശികമായി കരാറുകാർക്കിടയിൽ നിലനിൽക്കുന്ന അവിശുദ്ധകൂട്ടുകെട്ടുമൂലം ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഇതിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ധാതു ലവണ മിശ്രിത വിതരണം - ഗ്രാമസഭ ലിസ്റ്റ് ഹാജരാക്കിയില്ല - 6510/- രൂപ തടസത്തിൽ വെയ്ക്കുന്നു.

പ്രോജെക്ട് നം : S0082/19

അടങ്കൽ തുക : 50,000/-

ചെലവ് : 50,000/-

ബിൽനം : 5/22.10.18

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ധാതു ലവണ മിശ്രിത വിതരണം പ്രോജെക്ടിൽ ക്ഷീര കർഷകരുടെ അംഗീകരിച്ച ഗ്രാമസഭ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

04.01.19-ൽ KL01-7CL-6962 എന്ന വാഹനത്തിൽ കൊണ്ടുവന്ന A.S Mineral Mixture 1കിലോയുടെ 718 ചാക്ക് ധാതു ലവണ മിശ്രിതം സ്റ്റോക്കിൽ എടുത്തു വിതരണം ചെയ്യുന്നതിന് പകരം ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിലേയ്ക്കായി വാങ്ങിയ 22.10.18- ലെ ഇൻവോയിസ് (നമ്പർ ഇല്ല) പ്രകാരമുള്ള 625 ചാക്കിന്റെ എണ്ണമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് 63 ക്ഷീര കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്.

22.10.18 - ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ചാക്ക് ഒന്നിന് 80/- രൂപ പ്രകാരം 625ചാക്ക് ധാതുലവണമിശ്രിതത്തിനാണ് ഓർഡർ നല്കിയതെങ്കിലും പ്രഫോർമ ഇൻവോയിസിൽ (3/13764/1 dtd:04.01.19) മിൽമ നൽകിയത് 70/- രൂപ പ്രകാരമുള്ള 718 ചാക്കാണ്. ധാതു ലവണ മിശ്രിത വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിതരണം ചെയ്യാൻ ബാക്കിയുള്ള 93 ചാക്ക് ധാതു ലവണ മിശ്രിതം 26 ക്ഷീര കർഷകർക്ക് വിതരണം ചെയ്തിന്റെ വിവരം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 26 ക്ഷീര കർഷകരുടെ അംഗീകരിച്ച ഗ്രാമസഭ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരത്തിനായി നല്കിയിട്ടുണ്ടെന്നും, ആയതു ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അംഗീകരിച്ച ഗ്രാമസഭ ലിസ്റ്റ് ഹാജരാക്കുന്നത് വരെ ധാതു ലവണ മിശ്രതത്തിന് നൽകിയ തുകയായ 6,510/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

26 ക്ഷീര കർഷകരുടെ അംഗീകരിച്ച ഗ്രാമസഭ ലിസ്റ്റ് പരിശോധനയ്ക്കു ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ നം : 6/28.09.19

തടസ്സപ്പെടുത്തിയ തുക : 6,510/- രൂപ

## 1-29 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മണ്ണുജലസംരക്ഷണം (മണ്ണ്/ കല്ല് കയ്യാല നിർമ്മാണം), തോടുകളുടെ ആഴം കൂട്ടൽ, അടുക്കളത്തോട്ട നിർമ്മാണം, വൃക്ഷത്തൈ നടീൽ എന്നിവയാണ് തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. 2018-19-ലെ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളായ തടയണ നിർമ്മാണം, വനവത്കരണം, പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ, തരിശുഭൂമി വികസിപ്പിച്ച് കൃഷിയ്ക്ക് അനുയോജ്യമാക്കൽ, കാർഷികോൽപ്പന്ന സംഭരണകേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവ തൻവർഷം നടപ്പാക്കിയിട്ടില്ല. തോടുകളുടെ പുനരുദ്ധാരണം, രണ്ട് റോഡുകളുടെ കോൺക്രീറ്റിംഗ് എന്നിവ ഒഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ നടപ്പാക്കിയിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ, നിർമ്മാണസാമഗ്രികളുടെ ഉൽപാദനം, പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ എന്നിവ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചനക്കിണറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, കാർഷികോൽപ്പന്ന സംഭരണകേന്ദ്രങ്ങളുടെ നിർമ്മാണം, മൃഗപരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളൊരുക്കൽ എന്നിവ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമാക്കുന്നത് ഗുണകരമാണ്.

4.26 കോടി രൂപയുടെ പ്രവൃത്തികൾ ബജറ്റിൽ ഉൾപ്പെടുത്തിയെങ്കിലും 2.57 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചത്. ലേബർ ബഡ്ജറ്റ് പ്രകാരം 98,058 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ടതിൽ 90,992 എണ്ണം നൽകി. തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. തൊഴിലുറപ്പുപദ്ധതി പ്രവർത്തനം സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്താതെ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലും മേൽ സൂചിപ്പിച്ച

പ്രകാരം ഇതര മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചും സാധനഘടകത്തിലെ ചെലവിൽ ആനുപാതിക വർദ്ധന വരുത്തിയും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 വാഴകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു-4055/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം : S0018/19

അടങ്കൽ തുക : 2,60,000/- രൂപ

പ്ലാൻ ഫണ്ട് : 2,60,000/- രൂപ

ഗുണഭോക്തൃ വിഹിതം : 48,750/- രൂപ

ചെലവ് :- 2,60,000/- രൂപ

ബിൽനം : 2/26.10.18: 2,60,000/- രൂപ

ഗുണഭോക്തൃ വിഹിതം : 48,750/- രൂപ

ചെക്ക്നം : 1959271/01.12.18

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ 130 പേർക്ക് വാഴ വിത്തും, ജൈവവളവും നൽകുന്ന പ്രോജെക്ടിൽ കൈകോയിൽ നിന്നും വാങ്ങിയ ജൈവ വളത്തിന് സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ, തീയതി : 14.102.18 പ്രകാരം നൽകേണ്ട സബ്സിഡിയെക്കാൾ അധികം സബ്സിഡി തുക നൽകി. അധികം നൽകിയ തുക സംബന്ധിച്ച വിവരം താഴെ പറയുന്നു.

| ബിൽനം/ തീയതി | ഐറ്റം | കിലോഗ്രാം | ആകെ തുക GST ഉൾപ്പടെ (രൂപ) | നൽകിയ സബ്സിഡി തുക(രൂപ) | നൽകേണ്ട സബ്സിഡി തുക (75%)(രൂപ) | അധികം ചെലവഴിച്ച സബ്സിഡി തുക(രൂപ) |
|---|---|---|---|---|---|---|
| Q-522/ 22.10.18 | ജൈവവളം | 7042@28.57/- | 2,11,260/- (5%) | 1,62,500/- | 1,58,445/- | 4,055/- |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | വാഴവിത്ത് | 6500(എണ്ണം)@15/- | 97,500/- (0%) | 97,500/- | 97,500/- | - |
| | അധികം നൽകിയ തുക | | | | | 4,055/- |

അധികം സബ്സിഡി നല്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷ്ണത്തിന് ഗുണഭോക്തൃ വിഹിതമായി വാങ്ങേണ്ട 52,815/- രൂപയ്ക്കു പകരം 48,750/- രൂപ മാത്രമാണ് വാങ്ങിയതിനാലാണ് പദ്ധതി പണം 4,055 /- രൂപ അധികം ചെലവഴിക്കേണ്ടിവന്നതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി ആകെ 48,750/- രൂപ മാത്രമാണ് വകയിരുത്തിയത്. മതിയായ ഗുണഭോക്തൃ വിഹിതം വകയിരുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥൻ വികസന ഫണ്ടിൽ നിന്നും അധികമായി 4,055/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ അധികം ചെലവഴിച്ച പദ്ധതിപ്പണം അംഗീകരിക്കാൻ കഴിയത്തില്ല. അധികമായി ചെലവഴിച്ച 4,055/- രൂപ നിരാകരിക്കുന്നു. 4,055/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 1/25.09.19

നിരാകരിക്കുന്ന തുക : 4,055/- രൂപ

## 3-2 നെൽകൃഷിയ്ക്കായി വാങ്ങിയ ജൈവവളത്തിന് വികസന ഫണ്ട് അധികം ചെലവഴിച്ചു -11073/-രൂപ നിരാകരിക്കുന്നു.

പ്രോജെക്ട് നം : S0020/19

അടങ്കൽ തുക :

പ്ലാൻ ഫണ്ട് : 2,92,000/- രൂപ

ഗുണഭോക്തൃ വിഹിതം : 1,21,915/- രൂപ

ചെലവ് :-

പ്ലാൻ ഫണ്ട് : 2,91,158/- രൂപ

ബിൽനം : 1/26.10.18: 2,91,158/- രൂപ

ഗുണഭോക്തൃ വിഹിതം : 44,295/- രൂപ

ചെക്ക്നം : 1959272/01.12.18

കൂലിചെലവ് : 76,778/- രൂപ

നെൽവിത്ത് : 37,200/- രൂപ

ജൈവവളം : 1,77,180/- രൂപ

ആകെ : 2,91,158/- രൂപ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ നെൽകൃഷിയ്ക്ക് വിത്തും, ജൈവവളവും, പൂട്ടുകൂലിയും നൽകുന്ന പ്രോജക്ടിൽ കൈകോയിൽ നിന്നും വാങ്ങിയ ജൈവ വളത്തിന് സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ, തീയതി:14.102.18 പ്രകാരം നൽകേണ്ട സബ്സിഡിയെക്കാൾ അധികം സബ്സിഡി തുക നൽകി.

ഒന്നാം വിളയായി 5 ഹെക്ടർ നെൽകൃഷിയും രണ്ടാം വിളയായി 6.8 നെൽകൃഷി ആണ് കൃഷി ചെയ്തിട്ടുള്ളത്. ജൈവവളത്തിന് അധികം സബ്സിഡി നൽകിയത് സംബന്ധിച്ച വിവരം താഴേ പറയുന്നു.

| ഇൻവോയിസ് നം,തീയതി | ഐറ്റം | കിലോഗ്രാം | ആകെ തുക GST 5% ഉൾപ്പടെ (രൂപ) | നൽകിയ സബ്സിഡി തുക(രൂപ) | നൽകേണ്ട സബ്സിഡി തുക (75%)(രൂപ) | അധികം ചെലവഴിച്ച സബ്സിഡി തുക(രൂപ) |
|---|---|---|---|---|---|---|
| Q-376/18.09.18 | ജൈവവളം | 3124.1@28.58 | 93,750/- | 75,000/- | 70,313/- | 4,687/- |
| Q-521/22.10.18 | ജൈവവളം | 4257.5@28.57 | 1,27,725/- | 1,02,180/- | 95,794/- | 6,386/- |
| ആകെ | | | 2,21,475/- | 1,77,180/- | 1,66,107/- | 11,073/- |

അധികം സബ്സിഡി നല്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷ്ണത്തിന് ക്ലറിക്കൽ പിശക് സംഭവിച്ചതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ അധികമായി ചെലവഴിച്ച 11,073/- രൂപ നിരാകരിക്കുന്നു. 11,073/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 2/25.09.19

നിരാകരിക്കുന്ന തുക : 11,073/- രൂപ

## 3-3 അംഗൻവാടികളിൽ ബേബിചെയറും ഫുഡ് കണ്ടെയ്നറും വാങ്ങി നൽകുൽ - ക്വട്ടേഷൻ നിരക്കിലും അധികം നൽകി.

പ്രോജക്റ്റ് നം. – 98/18-19

അടങ്കൽ – 1,00,000/- (മെയി.ഫണ്ട്-റോഡിതരം)

ചെലവ് – 91,900/-

ബിൽ നം. 16/18-19/11.3.2019

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ടു പ്രകാരം അംഗൻവാടികളിൽ ബേബിചെയറും ഫുഡ് കണ്ടെയ്നറും വാങ്ങി നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ടു ചെയ്ത കടയ്ക്കൽ ഫാൻസി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പഞ്ചായത്തു കമ്മിറ്റിയുടെ 21.2.2019 ലെ 5(2) തീരുമാനപ്രകാരം അംഗീകരിച്ചു. ആയതു പ്രകാരം പ്ലാസ്റ്റിക്ക് ചെയർ - 150 എണ്ണം @190, പാത്രങ്ങൾ (വലുത്) – 21 എണ്ണം @1100, പാത്രങ്ങൾ (ചെറുത്) - 42 എണ്ണം @900 എന്നിവ വാങ്ങി. ഈയിനത്തിൽ

89,400/- രൂപ സ്ഥാപനത്തിനും 2,500/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലും ചെലവഴിച്ചു. എന്നാൽ ക്വട്ടേഷൻ പരസ്യത്തിൽ നികുതി, ട്രാൻസ്പോർട്ടിംഗ് ചെലവുകൾ ഉൾപ്പെടെയുള്ള ഐറ്റം റേറ്റാണ് രേഖപ്പെടുത്തിയിരുന്നത്. മേൽ സ്ഥാപനം 89,400/- രൂപയുടെ ക്വട്ടേഷനാണ് സമർപ്പിച്ചിരുന്നത്. ഇതുകൂടാതെ വാഹനവാടകയിനത്തിൽ 2,500/- രൂപ ശ്രീ. മഹേഷ്കുമാർ എന്ന വ്യക്തിക്ക് നല്കിയതിന്റെ കാരണം വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് പ്രോജക്ടിൽ വകയിരുത്തിയ തുകയാണ് നൽകിയതെന്ന് മറുപടി ലഭ്യമാക്കി. ആയത് അംഗീകരിക്കുന്നില്ല. ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിലും അധികമായി നൽകിയ 2500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. 11/1.10.19

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.8.19 & 22.8.19 | കെ.എസ്.എ-കെ.എൽ.എം-പി3-1282/19, 29.8.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000/- | അംഗൻവാടികൾക്ക് അനുപൂരക പോഷകാഹാരം | 1,00,000/- | 1,00,000/- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 75,000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 75,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4,32,951/- | ലൈഫ്-ജനറൽ | 4,10,000/- | 22,951/- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,50,000/- | ലൈഫ്-എസ്.സി.പി | 12,000/- | 2,38,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000/- | അംഗൻവാടികൾക്ക് അനുപൂരക പോഷകാഹാരം | 0 | 2,00,000/- |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75,000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 75,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 6,45,773/- | ലൈഫ്-ജനറൽ | 6,31,400/- | 14,373/- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000/- | വയബിലിറ്റി ഗ്യാപ് ഫണ്ട് | 0 | 2,50,000/- |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.8/19- പോസ്റ്റ് ഷിഫ്റ്റിംഗ് | 21/18-19/26.12.18<br>1959278/21.12.18 | 1,10,030/- (പ്ലാൻ)<br>27,838/- (തനതുഫണ്ട്) | 1,10,030/-<br>27,838/- | -<br>- |
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.11/19- സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 9/18-19/20.8.18<br>25/18-19/5.2.19<br>11/18-19/20.8.18<br>12/18-19/20.8.18 | 11,30,881/-<br>12,036/-<br>1,77,000/-<br>82,600/- | 16,49,911/- | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 51,33,477/-രൂപ വരവുണ്ട്. മുൻബാക്കി 17,73,300/- രൂപയടക്കം 69,06,777/- രൂപയിൽ 59,72,800/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS | സ.ഉ. (സാധാ)നം.522/2010/ തസ്വഭവ തീയതി 17.2.10 | | 17,73,300/- | 8,70,500/- | - | 9,02,800/- |
| LIFE | സ.ഉ. (ms)നം.68/2018/ തസ്വഭവ തീയതി 18.5.18. | 51,33,477/- | - | - | - | 51,33,477/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,00,282/- |
| തൻവർഷം നിക്ഷേപിച്ച തുക | 42,133/- |
| ആകെ | 5,42,415/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,42,415/- |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽനികുതി | |

| | | | | | |
|---|---|---|---|---|---|
| | | | | ഈടാക്കിയിട്ടില്ല | |
| 2014-15 | 2(3) | 2016-17 | അനുബന്ധം-3 | വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെട്ടു. | |
| 2015-16 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | |
| 2015-16 | | 2016-17 | 4-3-2(ii) | ക്യാരിബാഗ് നിർമ്മാണപദ്ധതി | |
| 2011-12 | | 2016-17 | 4.5 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്- ആസൂത്രണത്തിൽ പിഴവ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,60,47,973/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,85,48,783/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17,628/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,510/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 4,055/- | ശ്രീ.ലിജു ജോൺ,കൃഷി ഓഫീസർ |
| 3-2 | | 11,073/- | ശ്രീ.ലിജു ജോൺ,കൃഷി ഓഫീസർ |
| 3-3 | | 2,500/- | ശ്രീമതി.അഞ്ജന,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6,510/- | ശ്രീ.ലിജു ജോൺ,കൃഷി ഓഫീസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ലിജു ജോൺ,കൃഷി ഓഫീസർ | കൃഷി ഓഫീസർ,നിലമേൽ | വി.എൽ വില്ല, വിജയനഗർ 157, കൊട്ടാരക്കര പി.ഒ |
| ശ്രീമതി.അഞ്ജന, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, നിലമേൽ | ജെ.വി.നിവാസ്, ളുങ്ങാംപാറ, കണ്ടല.പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്നഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ . കെ എൽ എം -പി 3-420/18(2), 12-03-18 | 2 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 3-420/18(3), 12-03-18 | 7 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 3-420/18(4), 12-03-18 | 2 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 3-420/18(4), 12-03-18 | 4 |
| 2004-05 | കെ എസ് എ . കെ എൽ എം -പി 3-420/18(5), 12-03-18 | 8 |
| 2005-06 | കെ എസ് എ . കെ എൽ എം -പി 3-420/18(6), 12-03-18 | 19 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1278(13)/14, 17-06-2014 | 18 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1278(14)/14, 17-06-2014 | 7 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1278(15)/14, 17-06-2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1278(16)/14, 17-06-2014 | 20 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1885/2015/, 05-06-2015 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ.പി6-1222/15, 10-08-2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി6-1142/16, 21-7-16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി6-307/17, 13-02-17 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ എസ് എ . കെ എൽ എം -പി3-1946/17, 18-12-17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി-3/1455/18,28.9.18 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.എൽ.എം-പി3/1544/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി -4/12/19

## *<u>സാക്ഷ്യപത്രം 2018-19</u>*

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215-ാംവകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷികധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

No.KSA.KLM.P3/1544/2019 , Dated – 04/12/2019

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement **Nilamel Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Nilamel Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം